# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5420 23.05.17 ൽ മറുപടിയ്ക്ക്

### വാഹനങ്ങളിലെ ലൈറ്റുകളും ശബ്ദ സംവിധാനങ്ങളും നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പല ടൂറിസ്റ്റ് ബസുകളും ശക്തികൂടിയ ലേസർ ലൈറ്റുകൾ ഘടിപ്പിച്ചും അനിയന്ത്രിതമായ ശബ്ദ സംവിധാനങ്ങളോടെയും റോഡിലൂടെ സഞ്ചരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തീവ്ര പ്രകാശം പരത്തുന്നതും നിയമ വിരുദ്ധമായ രീതിയിൽ ഘടിപ്പിച്ചിരിക്കുന്നതുമായ ലൈറ്റുകളുമായി ടൂറിസ്റ്റ് ബസ്സുകൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ രാത്രി കാലങ്ങളിൽ സഞ്ചരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത യാത്ര പലപ്പോഴും അപകടങ്ങളും മറ്റ് യാത്രക്കാർക്ക് ബുദ്ധിമുട്ടും ഉണ്ടാക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി)<br>&<br>(സി) | നിയമവിരുദ്ധമായ ഇത്തരം നടപടികൾക്കെതിരെ മോട്ടോർവാഹന വകുപ്പ് പരിശോധന നടത്താറുണ്ട്. 16.05.2017 -ാം തീയതി രാത്രി നടത്തിയ പരിശോധനയിൽ 1501 വാഹനങ്ങൾ പിടികൂടുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അനധികൃതമായി ഘടിപ്പിച്ചിരിക്കുന്ന ലൈറ്റുകൾ അഴിച്ചുമാറ്റാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം പാലിക്കപ്പെട്ടുവെന്ന് മോട്ടോർവാഹന വകുപ്പിന്റെ തുടർ പരിശോധനകളിലൂടെ ഉറപ്പു വരുത്തുവാനും കഴിയും. |
| (സി) | തീവ്ര പ്രകാശമുള്ള ലൈറ്റുകൾ ഉപയോഗിക്കുന്ന ബൈക്കുകൾ ഉൾപ്പടെയുള്ള വാഹനങ്ങൾ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ